**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **01-02-2023 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ ഡയബറ്റിക് രോഗികൾക്കുള്ള ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ടൈപ്പ് വൺ ഡയബറ്റിക് രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം ചികിത്സകളാണ് നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | ടൈപ്പ്-1 ഡയബറ്റിക് രോഗികൾക്ക് വേണ്ട ഇൻസുലിൻ സിറിഞ്ച് സൗജന്യമായി മെഡിക്കൽ കോളേജുകളിൽ നൽകി വരുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരുന്ന ടൈപ്പ് -1 പ്രമേഹ രോഗികൾക്ക് ആവശ്യമായ ചികിത്സയും നൽകി വരുന്നു. ടൈപ്പ്-1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി മിഠായി പദ്ധതി വഴി ചികിത്സ നൽകുന്നുണ്ട്. ഈ പദ്ധതി വഴി ചികിൽസ വേണ്ടി വരുന്ന കുട്ടികളെ രജിസ്റ്റർ ചെയ്യുകയും തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിൽ ഈ പദ്ധതി വഴി കുട്ടികൾക്ക് ചികിത്സ നൽകി വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ രക്ത പരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവയും നൽകി വരുന്നുണ്ട്. |
| (ബി) | ഇത്തരം രോഗികൾക്ക് ഇൻസുലിനും മറ്റ് അനുബന്ധ സാധനങ്ങളും സൗജന്യമായി നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ടൈപ്പ്-1 രോഗികൾക്ക് മിഠായി പദ്ധതിയിലൂടെ നൽകി വരുന്ന സൗജന്യ ഇൻസുലിനും അനുബന്ധ സാധനങ്ങളും ഇപ്പോഴും മുടക്കം കൂടാതെ നൽകി വരുന്നുണ്ട്.<br><br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 'കാരുണ്യ' എന്ന സംരംഭത്തിലൂടെ ഡയബറ്റിക് രോഗികളുടെ ചികിത്സയ്ക്കായി ദേശീയ ആരോഗ്യ ദൗത്യം മുഖേന ഇൻസുലിനും മറ്റ് അനുബന്ധ മരുന്നുകളും വാങ്ങി വിതരണം ചെയ്തു വരുന്നു. നടപ്പ സാമ്പത്തിക വർഷം 1.5 കോടി രൂപയുടെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമധുരം പദ്ധതി മുഖേന നടപ്പ് സാമ്പത്തിക വർഷം 5.4 ലക്ഷം രൂപ ചെലവഴിച്ച് 1,400 എണ്ണം ഗ്ലൂക്കോമീറ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>ടൈപ്പ് വൺ ഡയബറ്റിക് ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച 'മിഠായി' പദ്ധതിയിലേയ്ക്ക് Insulin Cartridges, Glucometer, Glucometer Strips, Lancet, Urine Ketone Strips എന്നിവ വിതരണം ചെയ്തു വരുന്നു. ഇവയുടെ വിതരണത്തിനായി നടപ്പ സാമ്പത്തിക വർഷം 3 കോടി രൂപ കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്.<br><br>സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി മുഖേന നടപ്പ സാമ്പത്തിക വർഷം 2.1 കോടി രൂപ ചെലവഴിച്ച് ഇൻസുലിൻ വിതരണം ചെയ്തിട്ടുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ടൈപ്പ്-1 പ്രമേഹ രോഗികൾക്ക് ഇൻസുലിൻ, സിറിഞ്ച് എന്നിവ നിലവിൽ സൗജന്യമായി നൽകി വരുന്നുണ്ട്. |
| (സി) | എറണാകുളം ജനറൽ ഹോസ്പിറ്റലിൽ ഇതിന്റെ വിതരണം നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ആയത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | എറണാകുളം ജില്ലയിൽ കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിലാണ് മിഠായി ക്ലിനിക് പ്രവർത്തിച്ചു വരുന്നത്. മരുന്ന് വിതരണവും മറ്റ് സേവനങ്ങളും കളമശ്ശേരി മെഡിക്കൽ കോളേജിൽ നിന്നും രോഗികൾക്ക് ലഭ്യമാകുന്നതാണ്. |
| (ഡി) | തീവ്ര പരിചരണം വേണ്ടിവരുന്ന ഇത്തരം പ്രമേഹ രോഗികൾക്ക് ഇൻസുലിൻ പമ്പും സെൻസറും സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മിഠായി പദ്ധതി പ്രകാരം ടൈപ്പ്-1 പ്രമേഹരോഗികൾക്ക് അനലോഗ് ഇൻസുലിനും കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററും സൗജന്യമായാണ് നല്കി വരുന്നത്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിൽ കാതലായ വ്യതിയാനം ഉള്ള കുട്ടികൾക്ക് വിദഗ്ധ അവലോകനത്തിനു ശേഷം ആവശ്യമെങ്കിൽ ഇൻസുലീൻ പമ്പും സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ